ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരതയ്ക്കെതിരെ രാജ്യത്തിൻറെ പോരാട്ടത്തിൽ ഏറ്റവും വലിയ ശക്തി ഇന്ത്യൻ ജനതയുടെ ഐക്യദാർഢ്യമാണെന്ന് മൻകി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says in Mann Ki Baat that the biggest strength in the country's fight against terrorism is the solidarity of the Indian people.**

2. ഇന്ത്യയുടെ ബഹിരാകാശ മേഖല സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുത്തതിലൂടെ ഈ രംഗത്ത് കൂടുതൽ സ്റ്റാർട്ടപ്പുകൾ ഉണ്ടായതായും പ്രധാനമന്ത്രി.

   **The Prime Minister said that more startups have emerged in space sector by opening up India's space sector to the private sector.**

3. കർഷകക്ഷേമത്തിന് കേന്ദ്ര സർക്കാർ സുപ്രധാന പരിഗണന നൽകുന്നുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   **Vice President Jagdeep Dhankhar says that the Central Government is giving important consideration to the welfare of farmers.**

4. കാൻസർ ചികിത്സാരംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര

സർക്കാർ കൂടുതൽ ധനസഹായം ഉറ പ്പാക്കിയതായി കേന്ദ്ര മന്ത്രി ജെ. പി.നഡ്ഡ.

**The Central Government has ensured more financial assistance to strengthen the infrastructure in the field of cancer treatment, says Union Minister J. P. Nadda.**

5. സാമ്പത്തിക ശക്തി, ജനാധിപത്യവൽക്കരിക്കാനും ദുർബ്ബല വിഭാഗങ്ങളെ സംരക്ഷിക്കാനും ലക്ഷ്യമിട്ടുള്ളതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്ന് മന്ത്രി വി ശിവൻകുട്ടി.

**The cooperative movement in Kerala aims to democratize economic power and protect the weaker sections, says Minister V. Sivankutty.**

6. വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഇന്ത്യക്ക് 9 വിക്കറ്റ് ജയം.

**India beat Sri Lanka by 9 wickets in the first match of the women's tri-nation cricket series.**

**&&&&&&&&&&&&&&&&&&**

# HEADLINE 1

## MANN KI BAAT- VOICE

പഹൽഗാം ഭീകരാക്രമണത്തിലെ കുറ്റവാളികൾക്കും ഗൂഢാലോചന നടത്തിയവർക്കും ഉചിതമായ മറുപടി നൽകുമെന്ന് പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. കശ്മീരിൽ സമാധാനം തിരിച്ചുവരുന്നതിലും ജനാധിപത്യം ശക്തമാകുന്നതിലും വിനോദസഞ്ചാരികൾ വർദ്ധിക്കുന്നതിലും ഇന്ത്യയുടെയും ജമ്മു കശ്മീരിന്റെയും ശത്രുക്കൾ സന്തുഷ്ടരല്ലെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ ഏറ്റവും വലിയ ശക്തി രാജ്യത്തിൻറെ ഐക്യവും 140 കോടി ഇന്ത്യക്കാരുടെ ഐക്യദാർഢ്യവുമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## HEADLINE 2

## MANN KI BAAT -2 (VOICE)

ബഹിരാകാശ സ്റ്റാർട്ടപ്പ് മേഖലയിൽ ഇന്ത്യൻ യുവത പുതിയ നാഴികക്കല്ലുകൾ കൈവരിക്കുകയാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഇന്ത്യയുടെ ബഹിരാകാശ മേഖല സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുത്തത് കൊണ്ടാണെന്നും, പത്ത് വർഷം മുമ്പ് ഒരു സ്റ്റാർട്ടപ്പ് കമ്പനി മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 325 ലധികം ബഹിരാകാശ സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

**(ഹോൾഡ് വോയിസ്)**

ഗഗൻയാൻ, സ്പേഡെക്സ്, ചന്ദ്രയാൻ -4 തുടങ്ങിയ നിരവധി പ്രധാന ദൗത്യങ്ങളിലാണ് രാജ്യമെന്നും, വീനസ് ഓർബിറ്റർ മിഷനിലും, മാർസ് ലാൻഡർ മിഷനിലും ഇന്ത്യ പ്രവർത്തിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## PAK VISA

പാകിസ്ഥാൻ പൗരൻമാർക്ക് ഇന്ത്യ വിടാൻ അനുവദിച്ച സമയപരിധി ഇന്ന് അവസാനിക്കും. മെഡിക്കൽ വീസ അല്ലാത്ത എല്ലാ വീസയുടേയും കാലാവധി ഇന്ന് തീരും. മെഡിക്കൽ വിസയുടെ സമയപരിധി ഈ മാസം 29 നാണ് അവസാനിക്കുന്നത്. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് സർക്കാർ വീസ നിയന്ത്രണം ഏർപ്പെടുത്തിയത്. പാകിസ്ഥാനിലുള്ള ഇന്ത്യൻ പൗരന്മാർ എത്രയും വേഗം ഇന്ത്യയിലേക്ക് മടങ്ങണമെന്നും നിർദേശമുണ്ട്.

**&&&&&&&&&&&&&&&&&&**

## CHAR DHAM-PAK

ഛാർധാം, ഹേംകുണ്ഡ് സാഹിബ് തീർത്ഥാടനത്തിന് രജിസ്റ്റർ ചെയ്ത 77 പാകിസ്ഥാൻ പൗരന്മാരുടെ രജിസ്ട്രേഷൻ ഉത്തരാഖണ്ഡ് സർക്കാർ റദ്ദാക്കി. ടൂറിസവും ഭീകരതയും ഒരുമിച്ച് പോകില്ലെന്ന സർക്കാരിൻറെ നിലപാട് വിശദീകരിച്ച സംസ്ഥാന സാംസ്കാരിക-ടൂറിസം മന്ത്രി സത്പാൽ മഹാരാജ് ആണ് ഇത് സംബന്ധിച്ച തീരുമാനം അറിയിച്ചത്. ഛാർധാം യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായതായും മന്ത്രി അറിയിച്ചു. തീർഥാടത്തിൽ പങ്കെടുക്കുന്നതിനായി 185 രാജ്യങ്ങളിൽ നിന്നുള്ള 25,000-ത്തിലധികം അന്താരാഷ്ട്ര തീർത്ഥാടകർ ഉൾപ്പെടെ 22 ലക്ഷത്തിലധികം ഭക്തർ ഇതുവരെ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**&&&&&&&&&&&&&&&&&&**

## PIB FACT CHECK-LOC

നിയന്ത്രണ രേഖയിലെ  രണ്ട് ഇന്ത്യൻ ആർമി പോസ്റ്റുകൾ പാകിസ്ഥാൻ സൈന്യം നശിപ്പിച്ചതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് പി ഐ ബി ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി. ഈ വീഡിയോ ഇന്ത്യയിൽ നിന്നുള്ളതല്ലെന്നും 2024 ൽ പാകിസ്ഥാനിൽ നടന്ന വിഭാഗീയ സംഘർഷങ്ങളിൽ നിന്നുള്ളതാണെന്നും വീഡിയോയുടെ ഒപ്പം പങ്കുവെച്ചിട്ടുള്ള ഫോട്ടോ കഴിഞ്ഞ മാസം വടക്കൻ അയർലൻഡിൽ ഉണ്ടായ തീപിടുത്തത്തിൽ നിന്നുള്ളതാണെന്നും അധികൃതർ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## I B - MEDIA ADVISORY

രാജ്യ സുരക്ഷ കണക്കിലെടുത്ത് ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, സുരക്ഷാ സേനയുടെ നീക്കങ്ങൾ തുടങ്ങിയവയുടെ തത്സമയ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്യുന്നതിൽ നിന്നും മാധ്യമങ്ങളും വാർത്താ ഏജൻസികളും സമൂഹമാധ്യമ ഉപയോക്താക്കളും വിട്ടു നിൽക്കണമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം നിർദ്ദേശം നൽകി.

**&&&&&&&&&&&&&&&&&&**

## HEADLINE 4

## CANCER CARE - J P NADDA

കാൻസർ പരിചരണവും ആരോഗ്യ സംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ കൂടുതൽ ധനസഹായവും സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജെ. പി.നഡ്ഡ. ഇതിൻറെ ഭാഗമായി കാൻസർ പരിചരണത്തിൽ രാജ്യം നിർണ്ണായക പുരോഗതി കൈവരിച്ചതായും അദ്ദേഹം പറഞ്ഞു. ഛത്രപതി സംഭാജിനഗറിലെ കാൻസർ ആശുപത്രിയിൽ വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. ആരോഗ്യ പരിരക്ഷയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള ധനസഹായം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ നഡ്ഡ വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

## HEADLINE 5

## V SIVANKUTTY

സാമ്പത്തിക ശക്തി ജനാധിപത്യവൽക്കരിക്കാനും സാമൂഹ്യ വികസനം വളർത്തുവാനും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ സംരക്ഷിക്കാനും ലക്ഷ്യമിട്ടുള്ളതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്ന് മന്ത്രി വി ശിവൻകുട്ടി. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വയനാട് ചൂരൽമല ദുരന്തം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങൾക്കൊപ്പം ഉറച്ചുനിന്നത് സഹകരണ സ്ഥാപനങ്ങളാണെന്നും, ചൂരൽമല ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവരുടെ വായ്പകൾ കേരള ബാങ്ക് പൂർണ്ണമായും എഴുതിത്തള്ളിയെന്നും മന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## HEADLINE 6

## ODI WOMEN’S CRICKET

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഇന്ത്യക്ക് 9 വിക്കറ്റ് ജയം. മഴ മൂലം 39 ഓവറായി ചുരുക്കിയ മത്സരത്തിൽ ടോസ് നഷ്ടപ്പെട്ട്

ബാറ്റിങ്ങിനിറങ്ങിയ ശ്രീലങ്ക 38 .1 ഓവറിൽ 147 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 29.4 ഓവറിൽ ലക്ഷ്യം മറികടന്നു.

&&&&&&&&&&&&&&&&&&

## IPL CRICKET -2

ഐപിഎൽ ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയന്റ്സിനെതിരെ മുംബൈ ഇന്ത്യൻസിന് ജയം. 215 റൺ വിജയലക്ഷ്യവുമായി ഇറങ്ങിയ ലക്നൗവിന് മറുപടി ബാറ്റിംഗിൽ 161 റൺ മാത്രമേ നേടുവാൻ കഴിഞ്ഞുള്ളൂ. ഇന്നത്തെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ റോയൽ ചലഞ്ചേസ് ബെംഗളുരു ഡൽഹി ക്യാപിറ്റൽസിനെ ബാറ്റിംഗിന് അയച്ചു. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## HEADLINE 3

## VP-AGRICULTUREUNIVERSITY- INTRO

കർഷകക്ഷേമത്തിനായി കേന്ദ്ര സർക്കാർ സുപ്രധാന പരിഗണന നൽകുന്നുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. തമിഴ് നാട് കാർഷിക സർവകലാശാലയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി കിസാൻ യോജന പോലുള്ള പദ്ധതികൾ നടപ്പാക്കിയത് കർഷകർക്ക് ഏറെ ഗുണം ചെയ്യു. 2047 ൽ ഇന്ത്യയെ 30 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കുന്നതിന് എല്ലാ മേഖലകളിലും സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. അത്കൊണ്ട് കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിൽ കോർപറേറ്റുകൾ നിക്ഷേപം നടത്തണമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## AKASAVANI - 75TH ANNIVERSARY

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ സമാപനം നാളെ വൈകുന്നേരം

തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര സംവിധായകനും, ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നിർവഹിക്കും. ആൻറണി രാജു എം.എൽ എ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

**&&&&&&&&&&&&&&&&&&**

## PIB FACT CHECK-AFBCWF

ഇന്ത്യൻ സൈന്യത്തിന്റെ ആധുനികവൽക്കരണത്തിനായി സർക്കാർ ബാങ്ക് അക്കൗണ്ട് തുറന്നു എന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന ഉള്ളടക്കം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ. സന്ദേശം വ്യാജമാണെന്ന് PIB-യുടെ ഫാക്ട് ചെക് വിഭാഗം അറിയിച്ചു. സൈനിക നടപടികളിൽ ജീവൻ നഷ്ടപ്പെട്ടതോ പരിക്കേറ്റതോ ആയ സൈനികരുടെ കുടുംബങ്ങൾക്ക് ഉടനടി സാമ്പത്തിക സഹായം നൽകുന്നതിനായി സർക്കാർ രൂപീകരിച്ച ARMED FORCES BATTLE CASUALITIES WELFARE FUND സൈന്യത്തിന്റെ ആധുനികവൽക്കരണത്തിനോ ആയുധങ്ങൾ വാങ്ങുന്നതിനോ അല്ലെന്നും PIB വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

## JK- ASSSEMBLY SESSION- PAHALGAM

ജമ്മു കശ്മീർ നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ ചേരും. മന്ത്രിസഭാ യോഗത്തിന്റെ അഭ്യർത്ഥന പരിഗണിച്ചാണ് ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കുന്നത്. ഒരു ദിവസത്തെ പ്രത്യേക സമ്മേളനത്തിൽ പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് നിയമസഭ അന്തിമോപചാരം അർപ്പിക്കും.

**&&&&&&&&&&&&&&&&&&**

## REV. DR. KASTURIRANGAN-CREMATION

ബഹിരാകാശ ശാസ്ത്രജ്ഞനും ഐ.എസ്ആർഒ മുൻ ചെയർമാനുമായ കെ കസ്തൂരിരംഗൻറെ സംസ്കാരം ബെംഗളൂരുവിൽ പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. ഹെബ്ബാൾ ശ്മശാനത്തിലായിരുന്നു സംസ്കാരം

നടന്നത്. വെള്ളിയാഴ്ചയാണ് 84 കാരനായ കസ്തൂരിരംഗൻ അന്തരിച്ചത്. രാവിലെ സദാശിവ നഗറിലെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പൊതുദർശനത്തിനു വെച്ച ഭൗതിക ദേഹത്തിൽ കർണാടക ഗവർണർ താവർചന്ദ് ഗെലോട്ട്, മുഖ്യമന്ത്രി സിദ്ധരാമയ്യ, കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ, ഐ.എസ്.ആർ.ഒ ചെയർമാൻ വി. നാരായണൻ ഉൾപ്പെടെ നിരവധി പ്രമുഖർ അന്ത്യാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## BOMB THREAT

ബോംബ് ഭീഷണിയെ തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ സുരക്ഷാ പരിശോധന. ഇ മെയിൽ വഴിയാണ് ബോംബ് ഭീഷണി സന്ദേശം വന്നത്.

&&&&&&&&&&&&&&&&&&

## IRAN PORT- EXPLOSION

ഇറാനിലെ ഷാഹിദ് രാജേ തുറമുഖത്ത് ശനിയാഴ്ച ഉണ്ടായ സ്ഫോടനത്തിൽ മരണ സംഖ്യ 25 ആയി. സംഭവത്തിൽ 800 പേർക്ക് പരിക്കേറ്റു. സ്ഫോടനത്തിന്റെ കാരണം കണ്ടെത്തിയിട്ടില്ല. തുറമുഖത്തിൻറെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. സ്ഫോടനത്തെത്തുടർന്നുണ്ടായ വൻ തീപിടുത്തം നിയന്ത്രണ വിധേയമായി.

&&&&&&&&&&&&&&&&&&
&&&&&&&&&&&
&&&